## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 7549

17.07.2012-ലെ മറുപടിക്ക്

### സി.എച്ച്.മുഹമ്മദ് കോയ ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ദാസൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.എച്ച്.മുഹമ്മദ്കോയ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഭരണ സമിതി അംഗങ്ങൾ ആരെല്ലാമാണെന്നും ഭാരവാഹികൾ ആരെല്ലാം എന്നും വ്യക്തമാക്കുമോ : | എ) & ബി) ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ട്രസ്റ്റിന്റെ ബൈലോയുടെ പകർപ്പിൽ വിവരം ലഭ്യമാക്കിയിരിക്കുന്നു. |
| ബി) പ്രസ്തുത ട്രസ്റ്റിന്റെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കാമോ ; | |
| സി) പ്രസ്തുത ട്രസ്റ്റിന് ഇതുവരെ ഏതെല്ലാം പഞ്ചായത്തുകളിൽ നിന്ന് എത്ര രൂപ വീതം സംഭാവന ലഭിച്ചുവെന്നും, സംഭാവന ഇനത്തിൽ ആകെ എത്ര രൂപ ലഭിച്ചു എന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ : | സി) ട്രസ്റ്റിന് ഇതുവരെ പഞ്ചായത്തുകളിൽ നിന്നും സംഭാവന ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ലെന്ന് ട്രസ്റ്റിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| ഡി) പ്രസ്തുത ട്രസ്റ്റ് ഇതുവരെ നടത്തിയിട്ടുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും വിശദമാക്കാമോ ; പ്രസ്തുത ട്രസ്റ്റിൽ നിന്ന് ആനുകൂല്യങ്ങൾ കൈപ്പറ്റിയിട്ടുള്ളവരുടെ പട്ടിക ലഭ്യമാക്കാമോ : | ഡി) മുഖ്യമായും സമൂഹത്തിലെ പ്രയാസപ്പെടുന്ന ക്യാൻസർ രോഗികൾക്ക് ഒരു അഭയകേന്ദ്രമായി പ്രവർത്തിക്കുന്നു. ക്യാൻസർ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും താമസസൗകര്യം, ഭക്ഷണം, യാത്രാസൗകര്യം, മരുന്ന് വാങ്ങുന്നതിനും മറ്റും സാമ്പത്തിക സഹായം എന്നിവ ലഭ്യമാക്കുന്നു. ആനുകൂല്യങ്ങൾ ലഭ്യമായിട്ടുള്ളവരുടെ പട്ടിക വളരെ വിപുലമാണ്. പ്രസ്തുത പട്ടിക ആർക്കുവേണമെങ്കിലും നേരിട്ട് പരിശോധിക്കാവുന്നതാണ് എന്ന് ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്. |
| ഇ) ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി പ്രസ്തുത ട്രസ്റ്റ് ഇതുവരെ എത്ര രൂപ ചെലവഴിച്ചു ; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ? | ഇ) 2011-12 സാമ്പത്തിക വർഷം മാത്രം വിവിധ ഇനങ്ങളിലായി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് 37,35,039/- രൂപ ചെലവായിട്ടുണ്ട് എന്നും, ഇക്കാര്യത്തിലുള്ള വിശദവിവരങ്ങൾ സെന്ററിൽ ലഭ്യമാണെന്നും ആർക്കും നേരിട്ട് പരിശോധിക്കാവുന്നതാണെന്നും ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**